DESPATCHED
On..04/06/2020

12/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**A.P.1510(4)/2015/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9691/SIC-G2/2015**

**സന്നിഹിതൻ**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ധനേഷ് ഡി.<br>ആമീൻ വെളി ഹൗസ്<br>ആശ്രമം വാർഡ്, അവലൂക്കുന്ന് പി.ഒ.<br>ആലപ്പുഴ - 688006 | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>റവന്യു ഡിവിഷണൽ ഓഫീസറുടെ കാര്യാലയം<br>ആലപ്പുഴ<br><br>അപ്പീൽ അധികാരി &<br>സബ് കളക്ടർ<br>സബ് കളക്ടറുടെ കാര്യാലയം<br>ആലപ്പുഴ | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 29.10.2018-ന് കമ്മീഷൻ പുറപ്പെടുവിച്ച താത്ക്കാലിക ഉത്തരവിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (ഒന്നാം എതിർകക്ഷി), രണ്ടു കാര്യത്തിൽ വിശദീകരണം ചോദിച്ചിരുന്നു.

1. അപ്പീൽ ഹർജിക്കാരൻ അപേക്ഷ നൽകിയതിനു മറുപടിയായി അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പുള്ള തീയതിയിലെ റിപ്പോർട്ട് എന്തുകൊണ്ട് നൽകി ?
2. ഒരേ അവകാശ സർട്ടിഫിക്കറ്റ് രണ്ടു തരത്തിൽ നൽകിയത് എന്തുകൊണ്ട് ?

ഇതിനു രണ്ടിനും എതിർകക്ഷികൾ യുക്തി സഹമായ വിശദീകരണം കമ്മീഷനു ലഭ്യമാക്കിയിട്ടുണ്ട്.

എ. ബന്ധപ്പെട്ട ഫയൽ K.Dis 20340/06/A3 നമ്പരായി രണ്ട് അവകാശ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും, ജനന തീയതികൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് മാത്രമാണ് നൽകിയിട്ടുള്ളത്.

ബി. 09.06.2014-ൽ സമർപ്പിച്ച പരാതിയിന്മേൽ, പരാതി സമർപ്പിക്കുന്നതിന് 10 മാസം മുമ്പുള്ള അന്വേഷണ റിപ്പോർട്ട് നൽകിയതിലെ വൈരുദ്ധ്യം, അമ്പലപ്പുഴ താലൂക്ക് ഓഫീസിൽ നിന്ന്

ലഭ്യമായ റിപ്പോർട്ടാണ് തങ്ങൾ നൽകിയതെന്നും, ഇതുമായി ബന്ധപ്പെട്ട് മറ്റു റിപ്പോർട്ടുകളൊന്നും ഇല്ലെന്നും, അതുകൊണ്ടാണ് ലഭ്യമായ റിപ്പോർട്ട് നൽകിയതെന്നും എതിർകക്ഷികൾ വിശദീകരിക്കുന്നു.

ഇതെല്ലാം പരിഗണിക്കുമ്പോൾ അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളും രേഖകളും എതിർകക്ഷികൾ നൽകിയിട്ടുണ്ട് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. റിപ്പോർട്ടുമായി ബന്ധപ്പെട്ട രേഖകളിൽ വൈരുദ്ധ്യമുണ്ടെങ്കിൽ, ആയത് ടി ഓഫീസുകളുടെ മേലധികാരികളുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

ആയതിനാൽ എതിർകക്ഷികളുടെ വിശദീകരണം സ്വീകരിച്ചുകൊണ്ട് അപ്പീൽ ഹർജിയിൽ തുടർനടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം **2020 ഫെബ്രുവരി മാസം 12-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

sh